പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1704 | 15.02.2016 ൽ മറുപടിയ്ക്ക് |
|---|---|
| **അഗൻവാടി ജീവനക്കാരുടെ വേതന വർദ്ധനവ്** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.എസ്.ശർമ്മ** | **ഡോ.എം.കെ.മുനീർ (ബഹു.പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)** |
| (എ) അഗൻവാടി ഹെൽപ്പർമാരുടെയും വർക്കർമാരുടെയും വേതനം വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് സഭയുടെ മേശപ്പുറത്ത് വയ്ക്കുമോ; | (എ ),(ബി) & (സി)<br>അങ്കണവാടി വർക്കർ/ഹെൽപർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം 2000/- രൂപയിൽ നിന്നും 2600/- രൂപയായി 01.04.2015 പ്രാബല്യത്തിൽ 24.08.2015-ലെ സ.ഉ(എം.എസ്)നം.50/2015/സാ.നീ.വ. പ്രകാരം വർദ്ധിപ്പിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. ഇതിനാവശ്യമായ തുക അഡീഷണൽ ഓതറൈസേഷൻ വഴി കണ്ടെത്തിയിട്ടുണ്ട്. ടി തുക സാമൂഹ്യനീതി വകുപ്പ് വഴിയാണ് നൽകുന്നത്. |
| (ബി) വർദ്ധിപ്പിച്ച നിരക്കിലുള്ള വേതനം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള തുക എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ; | |
| (സി) വർദ്ധന വരുത്തുന്ന തുകയുടെ ഒരു വിഹിതം തദ്ദേശസ്ഥാപനങ്ങൾ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ? | |

സെക്ഷൻ ഓഫീസർ

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ് - ഐ.സി.ഡി.എസ് - അങ്കണവാടി വർക്കർ/ഹെൽപ്പർമാരുടെ ഓണറേറിയത്തിൽ സംസ്ഥാന വിഹിതം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ (എം.എസ്) നം. 50/ 2015/ സാനീവ** **തീയതി, തിരുവനന്തപുരം, 24.08.2015**

പരാമർശം : (1) 26.05.2014 ലെ സ.ഉ (എം.എസ്) നം.106/13/ സാനീവ.

(2) സാമൂഹ്യനീതി ഡയറക്ടറുടെ 24.07.2015 ലെ ഐ.സി.ഡി.എസ്/ബി6-15444/15 നമ്പർ കത്ത്.

**ഉത്തരവ്**

അങ്കണവാടി ജീവനക്കാർക്ക് സംസ്ഥാന സർക്കാർ നൽകി വരുന്ന പ്രതിമാസ ഓണറേറിയത്തിൽ 600/- രൂപ വർദ്ധിപ്പിക്കുന്നതായി സംസ്ഥാന സർക്കാരിന്റെ 2015-16 ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇത് സംബന്ധിച്ച് പരാമർശം (2) പ്രകാരം സാമൂഹ്യനീതി ഡയറക്ടർ പ്രൊപ്പോസൽ സമർപ്പിക്കുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൻറെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ അങ്കണവാടി വർക്കർ / ഹെൽപ്പർമാർക്ക് നൽകി വരുന്ന പ്രതിമാസ ഓണറേറിയം (സംസ്ഥാന വിഹിതം) 2000/- രൂപയിൽ നിന്നും 2600/- രൂപയായി (രണ്ടായിരത്തി ആറുന്നൂറു രൂപ മാത്രം) വർദ്ധിപ്പിച്ചും, പ്രസ്തുത വർദ്ധനവിന് 01.04.2015 മുതൽ പ്രാബല്യം നൽകിയും ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

കെ.എം. ലീല്ലാമണി

അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം).
എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർ (സാമൂഹ്യനീതി ഡയറക്ടർ മുഖാന്തിരം).
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള. തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഡി.ബി.സെൽ) കേരള. തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (22.08.2015 ലെ ഡബ്ല്യു ഡബ്ല്യു 2 /157/2015-ഫിൻ പ്രകാരം )
വെബ്ബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.
പകർപ്പ് : പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രിയുടെ പി.എസ്സിന്.
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എസ്സിന്.
സാമൂഹ്യനീതി വകുപ്പ് അഡീഷണൽ സ്പെഷ്യൽ സെക്രട്ടറിയുടെ പി.എസ്സിന്.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

സെക്ഷൻ ഓഫീസർ